# മാതൃത്വത്തിന്റെ രാഷ്ട്രീയം —മൗനത്തിന്റെ കൂടുതകർക്കുന്ന ബന്ധം

ഡോ. ജിഷ എലിസബേത്ത് വർഗ്ഗീസ്
അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് മേരീസ് കോളെജ്, തൃശ്ശൂർ.

**സംഗ്രഹം**

നൂറ്റാണ്ടുകളായി നിശ്ശബ്ദരാക്കപ്പെട്ട, മനുഷ്യരാശിയിൽ പാതിയിലധികം വരുന്ന സ്ത്രീകളുടെ സമകാലമുന്നേറ്റങ്ങളുടെ വിപ്ലവമുഖമാണ് മാതൃത്വരാഷ്ട്രീയം. മാതൃത്വം ചരിത്രപരമായി സ്ത്രീയുടെ കടമയായി വ്യാഖ്യാനിക്കപ്പെട്ടിരുന്നെങ്കിലും ആധുനികകാലത്ത് സ്ത്രീചിന്തകർ ഇതിനെ ചോദ്യം ചെയ്തു. അമ്മയെ വീണ്ടെടുക്കുകയും മാതൃത്വത്തെ പുനർനിർവ്വചിക്കുകയും ചെയ്ത ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ അമ്മമാരും പെൺകുട്ടികളും തമ്മിലുള്ള കൂട്ടുകെട്ടിലൂടെ സ്ത്രീകളുടെയും പ്രകൃതിയുടെയും മനുഷ്യമൂല്യങ്ങളുടെയും സംരക്ഷണത്തിന് ഒരു പുതിയ രാഷ്ട്രീയചിന്ത രൂപംകൊണ്ടു. അധികാരരഹിതമായി സാമൂഹികനന്മയെ ലക്ഷ്യംവെയ്ക്കുന്ന ഈ മുന്നേറ്റത്തിന്റെ ആവശ്യവും കർമ്മവഴികളും വിശദീകരിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽ വാക്കുകൾ:** മാതൃത്വം, സ്ത്രീപക്ഷരാഷ്ട്രീയം, പ്രത്യുത്പാദനരാഷ്ട്രീയം, സംരക്ഷണമൂല്യം, സഹനം, സ്ത്രീപക്ഷപരിസ്ഥിതിശാസ്ത്രം.

വീടിനു പുറത്ത് അന്യരുമായി ഇടപെട്ട് തന്റെ ജീവിതത്തിന്റെ ഭൂരിഭാഗം സമയവും ചെലവഴിക്കേണ്ടി വരുന്നവനാണ് ആധുനിക മനുഷ്യൻ. അങ്ങനെ പുറം ലോകങ്ങളുമായി ഇടഞ്ഞ്, തളർന്ന് വീട്ടിലെത്തുമ്പോൾ തന്റെ മുഷിഞ്ഞ മനസ്സ് തൂക്കിയിടാനുള്ള ഒരയക്കോലാണ് അമ്മ. അത് ആണിനും പെണ്ണിനും ഒരുപോലെ സ്നേഹം പകരുന്ന ഒരു അഭയകേന്ദ്രമാണ്. സങ്കല്പം ഇങ്ങനെയാണെങ്കിലും നമ്മുടെ വീടുകളിലെ അമ്മ എന്ന വ്യക്തിയ്ക്ക് ഈ സങ്കല്പം പൂർത്തീകരിക്കാൻ കഴിയാറുണ്ടോ? ജോലിസ്ഥലത്തു നിന്നും ഒട്ടേറെ

പ്രശ്നങ്ങളും സംഘർഷങ്ങളുമായി വീട്ടിലെത്തുമ്പോൾ തന്നെ കാത്തിരിക്കുന്ന വീട്ടുപണിയും കുടുംബാംഗങ്ങളുടെ ഉത്തരവാദിത്തവും എല്ലാം കൂടി ഭ്രാന്തു പിടിക്കുന്ന ഒരവസ്ഥയാണ് ഇന്നത്തെ സ്ത്രീ/അമ്മ അനുഭവിക്കുന്നത്. ഒരല്പം ചിന്തിക്കുകയും വായിക്കുകയും ചെയ്യുന്ന സ്ത്രീയാണെങ്കിൽ അവസ്ഥ കൂടുതൽ കടുപ്പമാകും. ഇതിനിടയിൽ മക്കളുടെ പൊള്ളുന്ന നെറ്റിത്തടങ്ങളെ തഴുകിയാശ്വസിപ്പിക്കാൻ എവിടെ നേരം? അഥവാ നേരമുണ്ടാക്കിയാൽ തന്നെ മക്കൾ ഇന്ന് അമ്മയുടെ തോളിൽ ആശ്വാസം കണ്ടെത്തുന്നുണ്ടോ ? ഇന്റർനെറ്റും മൊബൈൽ ഫോണും ഒക്കെയായി അവരുടെ ലോകം തിരക്കുള്ളതായിരിക്കുന്നു. ഇവിടെ 'അമ്മ' പുനർനിർവ്വചിക്കേണ്ട ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്നു.

കുട്ടിക്കാലത്ത് അമ്മ ഭക്ഷണമായിരുന്നു. പിന്നെ നടക്കാൻ പഠിപ്പിച്ച 'വാക്കർ' ആയി. പഠനകാലങ്ങളിൽ ടീച്ചറും മടിച്ച് വീട്ടിലിരിക്കുമ്പോൾ 'കുട്ടിയ്ക്കു സുഖമില്ല' എന്ന് ലീവ് ലെറ്റർ എഴുതിത്തരുന്ന നുണക്കുട്ടായിരുന്നു. കൗമാരത്തിലെത്തിയപ്പോൾ അമ്മ വിശേഷങ്ങളും സ്വപ്നങ്ങളും പങ്കുവെയ്ക്കുന്ന കൂട്ടുകാരിയായി. പതുക്കെപ്പതുക്കെ എന്റെ രഹസ്യങ്ങൾ കണ്ടുപിടിക്കുന്ന സി.ഐ.ഡി. ആയപ്പോൾ ഞാൻ അമ്മയിൽ നിന്നകന്നുതുടങ്ങി. തിരക്കേറിയ ഉന്നതവിദ്യാഭ്യാസകാലം. ഹോസ്റ്റൽ ജീവിതം. വല്ലപ്പോഴും വീട്ടിലേയ്ക്കെത്തുമ്പോൾ നാവിൽ രുചിയൂറുന്ന വിഭവങ്ങളായി അമ്മ എന്നിൽ നിറഞ്ഞു. എങ്കിലും ദിവസേന ഒരു കുന്നുപദേശവുമായി ഫോൺ വിളി വന്നിരുന്നു. പിന്നെ വിവാഹം, ജോലി, തിരക്കിട്ട ദിവസങ്ങളിൽ അമ്മ ആവലാതികൾ ഇറക്കിവെയ്ക്കാനുള്ള ഇടമായി. അടുക്കളപ്പാഠങ്ങൾ ഫോൺ ബില്ല് കൂട്ടി. അമ്മയാവുന്നു എന്നറിഞ്ഞ ദിനമാണ് ഞാൻ എന്റെ അമ്മയെ ഏറ്റവും സ്നേഹിച്ചത്. അടുത്തു വേണമെന്ന് കൊതിച്ചത്. കുഞ്ഞ് എന്ന അത്ഭുത വസ്തുവിനെ മെരുക്കാൻ പഠിപ്പിച്ചത് അമ്മയാണ്. കുട്ടി ഓരോ തവണ കരയുമ്പോഴും അമ്മ ഒരു വിദഗ്ധയായ ഡോക്ടറെപ്പോലെ അതിന്റെ കാരണം കണ്ടെത്തിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. മനുഷ്യശിശുവിനെപ്പോലെ ഇത്രയും അരക്ഷിതമായ ഒരു ജീവി ഭൂമുഖത്തില്ല. മൂക്കിനു മുകളിൽ ഒരു തുണി വീണാൽ സ്വയം അത് മാറ്റാൻ കഴിയാത്ത നിസ്സഹായത. മനുഷ്യജന്മം സ്ത്രീയുടെ മഹാകാരുണ്യം മാത്രമാണ് (ബഷീർ, ശബ്ദങ്ങൾ) എന്ന ബഷീറിന്റെ വാക്കുകൾ എത്ര സത്യമാണെന്ന് അനുഭവിച്ചറിഞ്ഞ ദിനങ്ങളായിരുന്നു അത്. കുട്ടികൾ വളർന്നപ്പോൾ, അവർ ജീവിതത്തിന്റെ തിരക്കിലേയ്ക്കു നടന്നപ്പോൾ ഞാൻ തിരിച്ച് എന്റെ അമ്മയിലേയ്ക്കു നടന്നു. അമ്മ പ്രാർത്ഥനയും കരുതലും അനുഭവങ്ങളുടെ കരുത്തുമായിരുന്നു

എന്ന് തിരിച്ചറിഞ്ഞ് അവരിലേയ്ക്ക് എത്താൻ ശ്രമിക്കുന്നു. ഇങ്ങനെ അമ്മയെ ചില വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിലൂടെയാണ് നമ്മളോരോരുത്തരും നിർവ്വചിക്കുന്നത്.

മാതൃത്വം സഹജമായ സ്ത്രീഭാവമോ അമ്മയാവുന്ന സ്ത്രീയുടെ ഉത്തരവാദിത്തമോ ആണെന്ന വിശ്വാസത്തെ ചോദ്യം ചെയ്തുകൊണ്ട് ആധുനിക ഫെമിനിസ്റ്റ് ചിന്തകർ രംഗത്തുവന്നതോടെയാണ് ഈ വിഷയം സമൂഹത്തിന്റെ സജീവമായ ശ്രദ്ധ ആകർഷിച്ചത്. ദൈവികവും വിശുദ്ധവുമായ കർമ്മമാണ് മാതൃത്വം എന്നും പ്രസവിക്കുക, മുലയൂട്ടുക എന്നീ കർമ്മങ്ങളുമായി അത് ബന്ധപ്പെടുന്നു എന്നും വിശ്വസിച്ചിരുന്ന സമൂഹം മാതൃത്വം കേവലം ഒരു നിർബന്ധിത തൊഴിൽ മാത്രമാണെന്നു കേട്ടപ്പോൾ ആകെ ഞെട്ടിപ്പോയി എന്നതാണ് യാഥാർത്ഥ്യം. എങ്കിലും തുടർന്നുണ്ടായ ചർച്ചകളിൽ 'വേതനരഹിതമായ അദ്ധ്വാനം' എന്ന് ലെനിൻ വിശേഷിപ്പിച്ച ഈ തൊഴിൽ സ്ത്രീതന്നെ ഏറ്റെടുക്കേണ്ടതില്ല എന്നുവന്നു. ശിശുവിന്റെ ജനനം പോലും സ്ത്രീയുടെ പങ്കാളിത്തമില്ലാതെ സംഭവിക്കും എന്ന സ്ഥിതി വന്നതോടെ അമ്മ എന്ന സ്ത്രീയുടെ പ്രസക്തി സമൂഹത്തിൽ കുറഞ്ഞു. നൂറ്റാണ്ടുകളായി അമ്മ എന്ന പദവിയും ഒമ്പതു മാസം ചുമന്നു നൊന്തുപെറ്റതിന്റെ കണക്കും സൂക്ഷിച്ചിരുന്ന സ്ത്രീക്ക് ഇത് നിലനില്പിന്റെ പ്രശ്നമായി. പുനർവിചിന്തനത്തിന്റെ ഈ കാലയളവിലാണ് മാതൃത്വം തിരിച്ചുപിടിക്കേണ്ടതിന്റെ ഉത്തരവാദിത്തം സ്ത്രീചിന്തകർക്ക് ബോധ്യപ്പെട്ടത്. അടുക്കള തിരിച്ചുപിടിക്കാൻ സാറാജോസഫ് ആഹ്വാനം ചെയ്തതുപോലെ അമ്മത്വവും വീണ്ടെടുക്കേണ്ടതായിവന്നു. കേവലം പ്രസവം, മുലയൂട്ടൽ തുടങ്ങിയ ശാരീരികാവശ്യങ്ങളുമായി ബന്ധപ്പെട്ടു മാത്രമല്ല മാതൃത്വത്തിന്റെ അസ്തിത്വമെന്നും അത് മാനവരാശിയുടെ നിലനില്പിനും ആരോഗ്യകരമായ സഹവർത്തിത്തത്തിനും അനിവാര്യമായ ഏറ്റവും ശക്തമായ രാഷ്ട്രീയപ്രവർത്തനമാണെന്നും ചിന്തിച്ചു തുടങ്ങി.

വ്യക്തിയനുഭവങ്ങളും പൊതുവിടങ്ങളും തമ്മിലുള്ള സംവാദത്തിൽ "വ്യക്തിപരമായതെല്ലാം രാഷ്ട്രീയമാണ്" (കാരോൾ ഹാനിഷ്) എന്ന ചിന്ത ശക്തമായത് ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിലാണ്. ലൈംഗികത, വസ്ത്രധാരണം, തൊഴിൽ, ശരീരത്തിന്മേലുള്ള സ്വയംനിർണ്ണയനം, ഗർഭധാരണം, ശിശുസംരക്ഷണം, ഗർഭച്ഛിദ്രം തുടങ്ങി വൈയക്തികം എന്ന കരുതിയിരുന്നതെല്ലാം പൊതു ഇടത്തിൽ ചർച്ച ചെയ്യേണ്ടതാണെന്നും വ്യക്തിപരമായ പ്രശ്നങ്ങളെല്ലാം രാഷ്ട്രീയമായി പരിഹരിക്കേണ്ടവയാണെന്നും ആയിരത്തിത്തൊള്ളായിരത്തി എഴുപതിൽ കരോൾ ഹാനിഷ് എന്ന

February, 2021 മലയാളപ്പച്ച
Volume 01: No. 12 *malayala pachcha*

അമേരിക്കൻ സ്ത്രീവിമോചനപ്രവർത്തക എഴുതി. സ്ത്രീപക്ഷരാഷ്ട്രീയം പുരുഷനെ ഒഴിവാക്കുന്നതോ ആൺകോയ്മയ്ക്കു പകരം പെൺകോയ്മ സ്ഥാപിക്കുന്ന പ്രവർത്തനമോ അല്ല. പെൺപ്രത്യയശാസ്ത്രങ്ങൾ എല്ലാവിധ അധീശത്വത്തിനും വിഭജനത്തിനും എതിരുനില്ക്കുന്ന ഒരു അരാഷ്ട്രീയ അഥവാ നവരാഷ്ട്രീയ സമൂഹത്തിന്റെ രൂപീകരണത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ള ചിന്തകളാണ്. ലിംഗ-വർഗ്ഗസമൂഹങ്ങളുടെ വർഗ്ഗീകരണത്തെ ഇല്ലായ്മ ചെയ്യുന്നതോടെ മനുഷ്യരാശിയ്ക്കുമേലും പ്രകൃതിയ്ക്കുമേലും നടത്തുന്ന കീഴടക്കലുകളുടെ ചരിത്രത്തെ അട്ടിമറിക്കാനും മൂന്നാംലിംഗക്കാർ, അധഃസ്ഥിതവർഗ്ഗക്കാർ തുടങ്ങി അരികുവത്ക്കരിക്കപ്പെട്ട സമൂഹങ്ങളെ ചേർത്തു പിടിക്കാനും മാതൃകേന്ദ്രീകൃത രാഷ്ട്രീയത്തിനു കഴിയും എന്നതാണ് പ്രതീക്ഷ. എൺപതുകളിലാണ് അമ്മയെ കേന്ദ്രസ്ഥാനത്തു നിർത്തുന്ന ഈ രാഷ്ട്രീയനീക്കത്തിനു തുടക്കംകുറിച്ചത്. പ്രത്യുത്പാദനത്തിന്റെ രാഷ്ട്രീയം എന്നും ഇത് അറിയപ്പെട്ടു. മാതൃത്വത്തിന്റെ സംരക്ഷണമൂല്യത്തിനു രാഷ്ട്രീയത്തിൽ വീണ്ടും സ്ഥാനം കല്പിക്കപ്പെട്ടു.

### അമ്മ-സംരക്ഷണത്തിന്റെ കരുത്ത്

ചരിത്രാതീതകാലത്തെ മനുഷ്യബന്ധങ്ങളെക്കുറിച്ച് ചരിത്രകാരന്മാരുടെ ഊഹങ്ങളും കഥകളും മാത്രമേ ലഭ്യമായിട്ടുള്ളൂ. മക്കൾ അമ്മയിൽ നിന്നുമാത്രം ജനിക്കുന്നു എന്നു വിശ്വസിച്ചിരുന്ന കാലങ്ങളിൽ അമ്മ സൃഷ്ടിയുടെയും സംരക്ഷണത്തിന്റെയും പ്രതീകമായി, മനുഷ്യാരാധനയ്ക്കു പാത്രമായിരുന്നു എന്ന് അനുമാനിക്കുവാൻ കഴിയും. ലോകത്തിലെ പല സ്ഥലത്തും നിലനില്ക്കുന്ന അമ്മ ദൈവാരാധനയിൽനിന്ന് ഇത് വ്യക്തമാകും. കുഞ്ഞിന്റെ മനസ്സിൽ രൂപപ്പെടുന്ന മാതൃഭയത്തിനും ഭാരതീയ മനസ്സുകളിൽ കുടികൊള്ളുന്ന രാഷ്ട്രീയമായ അടിമത്തത്തിനുപോലും കാരണം ഈ മഹാമാതൃസങ്കല്പമാണെന്നു മായോവിന്റെ 'മദർ ഇൻഡ്യ' പോലുള്ള കൃതികളിൽ പറയുന്നു. അമ്മദൈവത്തെ പ്രസാദിപ്പിക്കാൻ ആത്മബലി മനുഷ്യൻ അന്ന് ശീലിച്ചിരുന്നു. ജീവനും ഭക്ഷണവും സംരക്ഷണവും നല്കുന്ന ശക്തയായ ഒരു മാതൃബിംബം മനുഷ്യമനസ്സിൽ ഫ്യൂഡൽ അധികാരകാലംവരെ നിലനിന്നിരുന്നതായി കാണാം.

> "മാറിലമ്മിഞ്ഞയും കൈയിൽക്കൊട്ടും കൊല-
> വാളുമെഴുമൊരു മൂർത്തി
> കാവിലുണ്ടെങ്കിലുമില്ലെങ്കിലും ശരി
> മേവിടുന്നുണ്ടയാൾക്കുള്ളിൽ!" (ഇടശ്ശേരി, മലയാളി)

എന്ന് ഇടശ്ശേരി എഴുതുന്നത് മിക്ക പ്രാചീനസമൂഹങ്ങളെ സംബന്ധിച്ചും ശരിയാണ്.

സ്നേഹവും ശിക്ഷയും ഒരുപോലെ നല്കാൻ കഴിയുന്ന മൂർത്തിയാണ് ഈ ആരാധ്യദേവത. ആൺ-പെൺ ഭേദമില്ലാതെ അമ്മയെ ആശ്രയിച്ച് ജീവിച്ചിരുന്ന മക്കൾക്ക് അമ്മ ഒരു ഭയകേന്ദ്രവും അഭയകേന്ദ്രവുമായിരുന്നു. ഈ ഭയത്തിന്റെയും ആരാധനയുടെയും തുടർച്ചയാണ് ഇന്നും നിലനില്ക്കുന്ന അമ്മദൈവാരാധന. പുരുഷാധിപത്യസമൂഹങ്ങളിലെ മതചിഹ്നങ്ങളിൽപോലും ഈ മാതൃദേവതമാർക്ക് വലിയ സ്ഥാനമുണ്ട്. ക്രിസ്ത്യാനികൾ കന്യകാമറിയത്തെ 'ലോകത്തിന്റെ രാജ്ഞി' എന്ന പദവിയിലാരാധിച്ചു തുടങ്ങിയത് ഫ്യൂഡൽ കാലത്തെ അധികാരദേവതയോടുള്ള അദമ്യമായ ഭയവും മമതയും കൊണ്ടാണെന്ന് ജൂലിയ ക്രിസ്റ്റേവ പറയുന്നുണ്ട്.

ലോകസംസ്കാരത്തിൽ മിക്കവയും മാതൃദായക്രമത്തിലാണ് വികസിച്ചത്. വിവാഹമില്ലാത്ത ലൈംഗികതയും പ്രജനന പ്രക്രിയയും നിലനിന്ന ജീവിതവ്യവസ്ഥ മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയ്ക്കിടയിൽ ഉണ്ടായിരുന്നുവെന്ന് മിക്ക നരവംശശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നുണ്ട്. സ്ത്രീകളുടെമേൽ പുരുഷന് സാമ്പത്തികാധികാരമില്ലാത്തതിനാൽ സ്ത്രീയും പുരുഷനും സാമൂഹികമായും ലൈംഗികമായും സ്വതന്ത്രരായിരുന്നു. പിതാവിൽനിന്നു സ്വത്ത് പുത്രനിലേയ്ക്കു പകരുന്ന രീതി അന്ന് ഇല്ലാതിരുന്നതിനാൽ ആൺകുട്ടികൾക്ക് സമൂഹത്തിൽ പ്രത്യേകം സ്ഥാനം കല്പിച്ചിരുന്നില്ല. വംശത്തിന്റെ നിലനില്പിന് ആധാരം അമ്മ മാത്രമായിരുന്നു. അസന്ദിഗ്ദ്ധമായത് തായ്‌വഴി മാത്രമാകയാൽ തായ്വഴിക്കുള്ള വംശനിർണ്ണയനമാണ് പഴയ കാലത്ത് സ്വാഭാവികമായിരുന്നതെന്ന് എംഗൽസ് അഭിപ്രായപ്പെടുന്നു. ഗോത്രത്തിൽ ഏറ്റവും ആദരിക്കപ്പെട്ടിരുന്ന മുതിർന്ന ഒരു സ്ത്രീയായിരുന്നു ഗണമാതാവ് അഥവാ ഗോത്രമാതാവ്. സ്ത്രീപ്രാമാണ്യവ്യവസ്ഥയിൽ എല്ലാ മാതാക്കളും ആദരിക്കപ്പെട്ടിരുന്നു. അമ്മയിൽനിന്നു മകളിലേയ്ക്ക് ഗണമാതാവ് എന്ന സ്ഥാനം പകർന്നിരുന്നു എന്നതിന് തെളിവില്ല. ഗണമാതാവ് ഒരു തുടർച്ചയല്ല. മറിച്ച് സമൂഹത്തിലെ ഏറ്റവും ആദരണീയയായ സ്ത്രീയ്ക്കു കിട്ടുന്ന സ്ഥാനമാണ്.

പല ഗോത്രങ്ങളിലും മാതാവിനെ 'നിത്യകന്യക'യായി വിഭാവനം ചെയ്തിരുന്നു. കന്യകയ്ക്ക് മാന്ത്രിശേഷിയുള്ളതായി വിശ്വസിച്ചിരുന്നു. ഡിമിറ്റർ, പെർസിഫോൺ, സിബിലെ, അറ്റിസ്, അഫ്രൊഡൈറ്റി, ഇസ്താർ, ദുർഗ്ഗ, കാളി തുടങ്ങിയ മഹാമാതാക്കളെല്ലാം നിത്യകന്യകമാരും അധൃഷ്യമായ ശക്തിയ്ക്കുടമകളും ആയിരുന്നു. കാർഷികവ്യവസ്ഥയിലും ഈ ദേവതാസങ്കല്പം തുടർന്നു. വൈദികപാരമ്പര്യം പുരുഷകേന്ദ്രിതമാകുകയും സ്ത്രീ അവന്റെ സ്വകാര്യസ്വത്തായിത്തീരുകയും ചെയ്തതോടെ അമ്മയും മകളും

അടങ്ങുന്ന സ്ത്രീകൾ സമൂഹത്തിൽ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം പൂർണ്ണമായും നഷ്ടപ്പെട്ടു. മാതൃദായക്രമം തുടർന്നിരുന്ന സ്ഥലങ്ങളിൽപ്പോലും പുരുഷന്റെ അധികാരപരിധിയ്ക്കുള്ളിലായിത്തീർന്നു സ്ത്രീ. പുരുഷാധിപത്യ പ്രത്യയശാസ്ത്ര ങ്ങൾക്കനുസൃതമായി ജീവിക്കാനാണ് പിന്നീട് അമ്മ മകളെ പഠിപ്പിച്ചത്. അതുകൊണ്ട് അധികാരവും രാഷ്ട്രീയവും ഇവരിൽ നിന്ന് ഏറെ അകലത്തായി മാറി. ആധുനിക സാമൂഹികക്രമങ്ങളെക്കുറിച്ച് ചിന്തിച്ചവരെല്ലാം മാതൃദായക്ര മത്തിന്റെ നന്മയെ സ്വീകരിച്ചവരാണ്. എംഗൽസ് കമ്മ്യൂണിസത്തെ പ്രാചീന ഗണസമുദായത്തിലുണ്ടായിരുന്ന സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും കൂടുതൽ ഉയർന്നരൂപമായി വിഭാവന ചെയ്യുമ്പോൾ ഫ്രോയിഡ് മാനസികാരോഗ്യമുള്ള മനുഷ്യലോകത്തെ പഴയ ഗണവ്യവസ്ഥ യുടെ മാതൃകയിലാണ് സങ്കല്പിക്കുന്നത്. പക്ഷേ ഇവരൊക്കെ അധികാരമാളുന്ന മനുഷ്യൻ എന്ന ഗണത്തിൽ പരിഗണിച്ചത് പുരുഷനെ മാത്രമാണ്. അതുകൊ ണ്ടുതന്നെ സ്ത്രീകേന്ദ്രീകൃതവ്യവസ്ഥയോ സ്ത്രീയ്ക്കനുകൂലമായ രാഷ്ട്രീയമോ അല്ല ഇവർ മുന്നോട്ടുവെയ്ക്കുന്നത്. പുരുഷനന്മയ്ക്കുവേണ്ടി സംരക്ഷിതമാതൃബിംബത്തെ പ്രോത്സാഹിപ്പിക്കുവാനുള്ള ശ്രമം മാത്രമാണിത്. പ്രകൃതിയിൽ ജനിച്ചു വീഴുന്ന ഏതു കുഞ്ഞിനും തന്റെ വളർച്ചയിൽ സംരക്ഷിക്കാനും ഭക്ഷണം തരാനും കഴിയുന്ന ഒരു വ്യക്തിയുടെ സഹായം ആവശ്യമാണ്. ഈ ആവശ്യത്തെ നിറവേറ്റുന്നതോടൊപ്പം കുഞ്ഞിൽ മാനസികവും വൈജ്ഞാനികവുമായ ഘടനയെ വളരാൻ സഹായിക്കുന്ന ശക്തമായ ഘടകവും അമ്മ ആവുന്നതു കൊണ്ടാണ് മനുഷ്യമനസ്സിൽനിന്ന് ഒഴിവാക്കാനാവാത്ത നിലയിൽ അമ്മ സ്ഥാനം പിടിച്ചത്.

### അമ്മയും മകളും പങ്കിടുന്ന സഹനത്തിന്റെ രാഷ്ട്രീയം

നാം ജീവിക്കുന്ന സമൂഹത്തിൽ സ്ത്രീത്വത്തിന്റെ ഏറ്റവും ആദർശവൽകൃതരൂ പമാണ് അമ്മ—സർവ്വംസഹയായ അമ്മ. തന്റെ സർവ്വസ്വവും മക്കളുടെ നന്മയ്ക്കുവേണ്ടി ബലികൊടുക്കാൻ മടിയില്ലാത്ത 'നല്ല അമ്മ' എന്ന സങ്കല്പം വിക്ടോറിയൻ കാലഘട്ടംമുതൽ മനുഷ്യമനസ്സിൽ ആഴത്തിൽ പതിഞ്ഞതാണ്. ഈ സങ്കല്പത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകയാണ് കന്യകാമറിയം. തന്റെ പുത്രനെ ലോകത്തിനു വിട്ടുകൊടുക്കുന്ന വലിയ സ്നേഹമാണവർ. പരമ്പരാഗതമായ ഈ സങ്കല്പത്തെ മാറ്റിയെടുക്കാനും അമ്മയെ വൈവിദ്ധ്യ മാർന്ന മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർവ്വചിക്കാനും എത്രതന്നെ ശ്രമിച്ചാലും സമൂഹമനസ്സിന്റെ അടിത്തട്ടിൽ സഹനത്തിന്റെയും ക്ഷമയുടെയും മൂർത്തിയായ അമ്മയാണ് കുടികൊള്ളുന്നതെന്ന് സ്ത്രീചിന്തകർ

നിരീക്ഷിക്കുന്നു. ഏയ്ക്കർഗ്രേയുടെ 'വേർപെടുത്തപ്പെട്ട ഹൃദയം' എന്ന കവിത ഉദ്ധരിച്ചുകൊണ്ടാണ് ഭാവിയിലും മാതൃത്വത്തിന്റെ ധർമ്മം സഹനമാണെന്നു ജെസ്സി ബർണാർഡ് പറയുന്നത്. ഈ കവിതയിൽ തന്റെ പ്രണയിനിയുടെ ആവശ്യപ്രകാരം സ്വന്തം അമ്മയുടെ മാറിടം പിളർന്ന് മുറിച്ചെടുത്ത, രക്തമിറ്റുന്ന ഹൃദയവുമായി അവളുടെ അടുത്തേയ്ക്ക് ഓടുന്നതിനിടയിൽ മകൻ വീണുപോവുകയും നിലത്തുവീണുരുളുന്ന അമ്മയുടെ ഹൃദയം 'എന്റെ കുഞ്ഞിനു വേദനിച്ചോ'യെന്നു മകനോടു ചോദിക്കുകയും ചെയ്യുന്നതായി ചിത്രീകരിച്ചിട്ടുണ്ട്. പുരുഷൻ എത്ര ക്രൂരത കാട്ടിയാലും മാതൃഹൃദയം അതു സഹിക്കുമെന്നും അവനോടു കരുണയോടെ പ്രവർത്തിക്കുമെന്നും സമൂഹം വിശ്വസിക്കുന്നിടത്തോളം അമ്മ എന്ന വ്യക്തിയെ അവരുടെ സഹജമായ അവസ്ഥയിൽ കാണാൻ കഴിയില്ല എന്നതാണു സത്യം. ഒരു സ്ത്രീ അമ്മയാവുന്നതോടെ അവളുടെ സ്വഭാവത്തിൽ സഹനവും ക്ഷമയും ഉണ്ടാവണമെന്നു സമൂഹം ആവശ്യപ്പെടുന്നു. വംശത്തിന്റെ നിലനില്പിനും തുടർച്ചയ്ക്കും സ്ത്രീകളുടെ ആത്മനിഷേധവും സഹനവും മാത്രം പോരാ. സ്ത്രീകൾ പ്രബുദ്ധരോ ചോദ്യം ചെയ്യുന്നവരോ ആയിക്കൂടാ എന്ന് ആധുനികകാലത്തും പുരുഷന്മാർ കരുതുന്നു. ഇവിടെയാണ് സഹനത്തിന്റെ രാഷ്ട്രീയം പ്രസക്തമാവുന്നത്.

അടിച്ചമർത്തപ്പെട്ട ഏതു വിഭാഗത്തെയുംപോലെ സ്ത്രീയും തങ്ങളുടെ വേദനയെ നിശ്ശബ്ദമായി സഹിച്ചുകൊണ്ട് ആന്തരികതലത്തിൽ പ്രതിഷേധത്തിന്റെ ചുഴലി രൂപപ്പെടുത്തുകയാണ് ചെയ്തത്. തലമുറകളിലൂടെ പകർന്ന വൈകാരികമായ മുറിവിനെ ഒരു രാഷ്ട്രീയ ഉപകരണമാക്കാമെന്ന് സിദ്ധാന്തിച്ചത് 1901-ൽ ലോറാ ബ്രൗൺ ആണ്. അധിനിവേശഭൂമികളും കോളണിവത്ക്കരിക്കപ്പെട്ട ജനതയും അനുഭവിക്കുന്ന മാനസികസംഘർഷം അവരിൽ ശാരീരികമായ വേദനയായി, രോഗമായിത്തീരുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ സ്ത്രീ ഗാർഹികമായി അനുഭവിക്കുന്ന വൈകാരികസംഘർഷങ്ങളും സഹനങ്ങളും പ്രശ്നവത്കരിക്കുകയാണ് ലോറ ചെയ്തത്. ക്വിയർ സൈദ്ധാന്തികയായ ആൻ ഷ്വെറ്റ്കോവിച് വേദനയെയും സഹനത്തെയും സാമൂഹികവും രാഷ്ട്രീയവുമായ ഒരു ആയുധമായി ഉപയോഗിച്ചു. രാഷ്ട്രീയവും വ്യക്തിവികാരങ്ങളും തമ്മിലുള്ള സുവ്യക്തബന്ധങ്ങൾക്കു രൂപം നല്കുന്ന, സമൂഹത്തിൽ രാഷ്ട്രീയഹിംസാത്മകത ഉളവാക്കുന്ന അനുഭവങ്ങൾക്കുള്ള ഒരു പേരായിട്ടാണ് അവർ വേദനയെ നിർവ്വചിക്കുന്നത്. രണ്ടായിരാമാണ്ടോടെ 'സഹനത്തിന്റെ രാഷ്ട്രീയം' പെൺകുട്ടികളും സ്ത്രീകളും കറുത്ത വർഗ്ഗക്കാരും പീഡനത്തിനിരയാകുന്ന എല്ലാവിഭാഗങ്ങളും ഒത്തുചേരുന്ന ഒരു

രാഷ്ട്രീയപ്രത്യയശാസ്ത്രമായി രൂപപ്പെട്ടു. ആത്മസഹനത്തിലൂടെ കരുത്തുറ്റ ഒരു ജനതയായി സ്ത്രീക്ക് മാറുവാനും എല്ലാത്തരം അധിനിവേശങ്ങളെയും പീഡനങ്ങളെയും നേരിടാൻ കഴിയുന്ന തീക്ഷ്ണരാഷ്ട്രീയ പ്രസ്ഥാനമായി രൂപാന്തരപ്പെടാനും കഴിഞ്ഞു. അതിന്റെ ശക്തമായ പ്രതിഫലനം ഇന്ന് ലോകത്തു കാണാം.

### മാതൃത്വത്തിന്റെ രാഷ്ട്രീയം കർമ്മപഥത്തിൽ

സ്ത്രീശരീരത്തിനുമേലുള്ള പുരുഷന്റെ ബലാൽക്കാരമാണ് സ്ത്രീകളെ ചരിത്രത്തിൽ പലപ്പോഴും നിശ്ശബ്ദയാക്കിയിട്ടുള്ളത്. ബലാത്സംഗം ഒരു വലിയ ഭീകരപ്രവർത്തനമാണ്. ജാതിയുടെയൊ മതത്തിന്റെയൊ സാമ്പത്തികാവസ്ഥയുടെയൊ വിഭാഗീയതകളില്ലാതെ സ്ത്രീകൾ ഇരകളാക്കപ്പെടുന്ന സാമൂഹികവിപത്താണിത്. പക്ഷേ, പുരുഷന്മാരെ ന്യായീകരിക്കാനും മോശം സാഹചര്യത്തിൽ അസമയത്ത് എത്തപ്പെടുന്ന സ്ത്രീയിൽ ചാരിത്ര്യശങ്ക ആരോപിക്കാനും സ്ത്രീകൾ സ്വശരീരത്താലോ പെരുമാറ്റത്താലോ പ്രേരിപ്പിച്ചിട്ടാണ് പുരുഷന് നിയന്ത്രണം വിട്ടുപോയത് എന്ന് വിധിക്കാനുമാണ് പുരുഷാധിപത്യനീതിവ്യവസ്ഥയ്ക്ക് കൂടുതൽ താത്പര്യം. എന്നാൽ തന്റെ ശരീരത്തിന്മേൽ തന്റെ ഇംഗിതമില്ലാതെ നടക്കുന്ന ഈ കടന്നുകയറ്റത്തെ സ്ത്രീകൾ ഭയപ്പെടുന്നു. രാത്രിയിൽ സഞ്ചരിക്കാതിരിക്കാനും പൊതുസ്ഥലങ്ങളിൽ നിശ്ശബ്ദയാവാനും നിഷ്ക്രിയരാകാനും സ്ത്രീ ശ്രമിക്കുന്നത് ഈ ഭയം മൂലമാണ്. പുരുഷലോകത്തിനും സംരക്ഷകരും സാന്ത്വനവുമായ സ്ത്രീക്ക് പുരുഷലോകം പകരംകൊടുക്കുന്നത് അവിഹിതഗർഭവും സ്വേച്ഛയാലല്ലാത്ത മാതൃപദവിയുമാണെന്ന ദുരന്തം കാണാതിരിക്കാനാവില്ല. ആധുനിക കാലമാവുമ്പോഴേയ്ക്കും സ്ത്രീകൾ, പ്രത്യേകിച്ചും അമ്മമാർ തങ്ങളുടെ പെൺമക്കളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് സംഘടിച്ചു പ്രവർത്തിച്ചുതുടങ്ങി. 2004 ജൂലൈ 15-ന് മണിപ്പൂരിലെ പട്ടാളബാരക്കുകളിലേയ്ക്ക് സ്ത്രീകൾ സംഘടിതമായി നടത്തിയ പ്രതിഷേധപ്രകടനം സവിശേഷ ശ്രദ്ധയർഹിക്കുന്നതായിരുന്നു. തങ്ജാൻ മനോരമ എന്ന 32 വയസ്സുള്ള സ്ത്രീയെ പട്ടാളക്കാർ ക്യാമ്പിൽ പിടിച്ചുകൊണ്ടുപോയി ബലാത്സംഗം ചെയ്തു കൊന്നതിൽ പ്രതിഷേധിച്ച് 40 സ്ത്രീകൾ നഗ്നരായിട്ടാണ് പ്രകടനം നടത്തിയത്. ഗുജറാത്തിലും സമാന്തരമായ ഒരു സംഭവം നടന്നിട്ടുണ്ട്. 2014-ൽ ഉണ്ടായ ഡൽഹി ബലാത്സംഗക്കേസ്സിൽ രാജ്യത്തുടനീളം അതിശക്തമായ പ്രതിഷേധം ഉണ്ടായി. അമ്മയും മകളുമടങ്ങുന്ന സ്ത്രീസമൂഹത്തിന്റെ സംരക്ഷണം സ്ത്രീകൾതന്നെ ഏറ്റെടുക്കാൻ മുന്നോട്ടുവന്ന കാലമാണിത്. മാതൃത്വത്തെ ഒരു രാഷ്ട്രീയശക്തിയായി വളർത്തിയെടുക്കാനും അമ്മയും മകളും

അടങ്ങുന്ന സ്ത്രീക്കൂട്ടായ്മയിലൂടെ ശക്തി നേടാനും ആധുനികകാലത്ത് സ്ത്രീകൾ നടത്തിയ യത്നത്തിന്റെ ഫലമാണിത്. ലോകത്തെല്ലായിടത്തും ഏതു വർണ്ണ-വർഗ്ഗവിഭാഗത്തിലുമുൾപ്പെടുന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം ലിംഗ-വർണ്ണഭേദങ്ങളില്ലാതെ സമൂഹത്തിലെ എല്ലാ മനുഷ്യർക്കും സംസ്കാരികമായി ഉയരാനുള്ള സാഹചര്യമൊരുക്കാനുള്ള ശക്തമായ ഒരു സംഘടനയായി സ്ത്രീകൾ വളർന്നുകഴിഞ്ഞു. 2005ൽ പ്രസിദ്ധീകരിച്ച ടൺഡെ ഒയ്ഡൊയ്ൻ രചിച്ച 'മദേഴ്സ് യുണൈറ്റ് എഗൈയ്ൻസ്റ്റ് റേപ്'' എന്ന കൃതിയും ഈ രംഗത്ത് പ്രത്യേക പരാമർശമർഹിക്കുന്നു.

സ്ത്രീയുടെ സ്വയം നിർണ്ണയാവകാശം പുരുഷനു അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള ഒരു പ്രശ്നമാണ്. എന്നാൽ ബലാത്സംഗത്തെ തടുക്കുന്നതുപോലെ തന്നെ അനാവശ്യ ഗർഭത്തെ ഒഴിവാക്കാനുള്ള സ്വാതന്ത്ര്യവും വിവാഹം, പ്രസവം, കുട്ടികളുടെ എണ്ണം തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അവകാശവും സ്ത്രീക്കു ലഭിക്കുമ്പോഴേ സാമൂഹികസമത്വം യാഥാർത്ഥ്യമാവുകയുള്ളൂ എന്ന് സ്ത്രീകൾ തിരിച്ചറിഞ്ഞു. ജനിതകവിപ്ലവത്തിലൂടെയും 'ക്ലോണിങ് ' തുടങ്ങിയ ശാസ്ത്രനേട്ടങ്ങളിലൂടെയും ശാസ്ത്രം മാതൃത്വത്തിനു വെല്ലുവിളിയായത് ഈ നൂറ്റാണ്ടിലാണ്. പേരന്റിന്റെ ഒരു കോശത്തിൽനിന്ന് ഒരേ പോലെയുള്ള അനേകം കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാൻ ഇന്ന് സാങ്കേതിക വിദ്യക്കു കഴിയുമ്പോൾ 'അമ്മ'യുടെ സാന്നിധ്യം ഒരു പാട്ടിയാർക്കൽ പ്രശ്നമായിത്തീർന്നു. മാതൃത്വം ഒരു തെരഞ്ഞെടുപ്പാകുമ്പോൾ സ്ത്രീയുടെ സ്ഥാനം കേവലം ഗർഭപാത്രമായും മനുഷ്യലിംഗനിർണ്ണയനത്തിലെ ജൈവവിപര്യയങ്ങൾ അപഹാസ്യമായും മാറുകയും സമൂഹത്തിന്റെ ക്രമം സ്ത്രീക്ക് കൂടുതൽ പ്രശ്നമാവുകയും ചെയ്യും എന്ന് ഷൂലമിത്ത് ഫയർസ്റ്റണിനെപ്പോലുള്ള സ്ത്രീചിന്തകർ വാദിച്ചു. മനുഷ്യരാശിയുടെ പ്രകൃത്യാലുള്ള നിലനില്പിനുതന്നെ ഹാനികരമായിത്തീരുവാൻ തക്കവണ്ണം പുരുഷലോകത്തെ ഹിംസാത്മകമായി വളർത്താതെ സ്ത്രീയും, മനുഷ്യരാശിയുടെ ഭാഗമാണെന്നു പഠിപ്പിച്ച് ആൺകുട്ടികളെ ധാർമ്മികബോധത്തിൽ വളർത്തേണ്ട ദൗത്യവും കൂടി ഇന്ന് അമ്മമാർക്കു പുതിയ ഉത്തരവാദിത്തമായി മാറുന്നു.

വസ്ത്രം, ഭക്ഷണം, ആരോഗ്യം, പാർപ്പിടം, ശുചിത്വം, പ്രകൃതി വിഭവങ്ങളുടെ ലഭ്യത, ഇന്ധനലഭ്യത തുടങ്ങി അടിസ്ഥാന മനുഷ്യാവശ്യങ്ങളെല്ലാംതന്നെ സ്ത്രീയുടെ നിയന്ത്രണത്തിലാവുന്നതിനെക്കുറിച്ച് ആധുനിക സ്ത്രീവിഭാഗം ബോധവതികളാണ്. പ്രകൃതിയെ കീഴടക്കി പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്തു പുരുഷൻ നടത്തുന്ന കൊള്ളയ്ക്കും അക്രമത്തിനും എതിരെയുള്ള ഒരു

കരുതൽ കൂടിയാണിത്. മാനവസംസ്കാരത്തിന്റെ ആരംഭംമുതൽ രുചിഭേദങ്ങളെല്ലാം പുരുഷന്റെ താത്പര്യങ്ങൾക്കനുസൃതമായാണ് നിർണ്ണയിക്കപ്പെട്ടിരുന്നത്. സ്ത്രീയുടെ അണിഞ്ഞൊരുങ്ങൽപോലും അവളുടെ സംതൃപ്തിയ്ക്കല്ല; മറിച്ച് പുരുഷനെ ആകർഷിക്കാനാണ്. വസ്ത്രധാരണത്തിൽ ആധുനിക കാലത്തുവന്ന പരീക്ഷണങ്ങളെല്ലാംതന്നെ സ്ത്രീസദാചാരത്തെ മുൻനിർത്തി പുരുഷനോട്ടത്തിലൂടെയായിരുന്നു എന്നത് പുരുഷമേൽക്കോയ്മയുടെ പിടിമുറുക്കം എത്രയുണ്ട് എന്നു വ്യക്തമാക്കുന്നു. പെണ്ണ് ആണിനെപ്പോലെ വേഷം ധരിക്കുന്നതും പുരുഷനെ പ്രലോഭിപ്പിക്കുന്ന വേഷം ധരിക്കുന്നതും ഒരുപോലെ വിമർശനവിധേയമായിട്ടുണ്ട്. അമ്മമാരാണ് പെൺകുട്ടികളെ ഇത്തരം കാര്യങ്ങളിൽ കൂടുതൽ വിമർശിച്ചിരുന്നത്. ആധുനിക ജീവിതസാഹചര്യങ്ങളുമായിണങ്ങുന്ന വസ്ത്രം ധരിക്കാനുള്ള അവകാശം ഇന്ന് സ്ത്രീയ്ക്കുണ്ടെങ്കിലും മാധ്യമങ്ങളും പരസ്യക്കമ്പനികളും ഒരുക്കുന്ന ഫാഷൻ മാഫിയയിൽ കുടുങ്ങി സ്ത്രീ വീണ്ടും ഉപഭോഗസംസ്കാരത്തിന്റെ ഇരയായി മാറുകയാണിന്ന്. ഇതിനെതിരെ ജാഗ്രത പുലർത്താനും സ്ത്രീസംഘടനകൾ മുന്നോട്ടുവന്നിട്ടുണ്ട്. സൗന്ദര്യമത്സരങ്ങൾ, ഫാഷൻ പരേഡുകൾ, മോഡലിംഗ് തുടങ്ങി സ്ത്രീശരീരത്തെ ചൂഷണം ചെയ്യുന്ന ആഗോളമാധ്യമങ്ങൾക്കെതിരെ പോരാടേണ്ട ഉത്തരവാദിത്തവും സ്ത്രീ സംഘടനകൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ മാതൃത്വത്തിന്റെ പങ്ക് ചെറുതല്ല. പെൺകുട്ടികളെ ചൂഴ്ന്നുനില്ക്കുന്ന സകല ചൂഷണങ്ങൾക്കെതിരെയും ഉണർന്നു പ്രവർത്തിക്കാനും പ്രതികരിക്കാനും അമ്മമാരുടെ കൂട്ടായ്മ ഇനിയും ശക്തിപ്രാപിക്കേണ്ടതുണ്ട്.

മാതൃത്വത്തിന്റെ രാഷ്ട്രീയം ഭാഷയുടെ കരുതലിനും പ്രകൃതിയുടെ സംരക്ഷണത്തിനും മുഖ്യ സ്ഥാനം കല്പിക്കുന്ന മുന്നേറ്റമാണ്. മനുഷ്യന്റെ ആദിമബോധസ്മൃതികൾ ഉൾക്കൊള്ളുന്ന ജൈവഭാഷയുടെ കരുതലിനും അത് തലമുറകളിലേയ്ക്കു പകർന്നുകൊടുക്കാനുള്ള നന്മയിലും അടിയുറച്ചതാണ് മാതൃത്വത്തിന്റെ രാഷ്ട്രീയം. മാതൃഭാഷയിലേയ്ക്കു മടങ്ങാനുള്ള ആഹ്വാനം വ്യവസായവത്കരണത്തിന്റെ എല്ലാ പിടിമുറുക്കങ്ങൾക്കും എതിരെയുള്ള പ്രതിരോധത്തിന്റെ രാഷ്ട്രീയമാണ്. മാതൃഭാഷയാവട്ടെ, ദേശം, കാലാവസ്ഥ, വിഭവശേഷി എന്നിങ്ങനെ വിവിധ ഘടകങ്ങളുമായി ചേർന്ന് മനുഷ്യന്റെ ബൗദ്ധികപ്രതി പ്രവർത്തനത്തെ ഊർജ്ജിതപ്പെടുത്തുന്ന ജൈവശേഷിയാണ്. അത് അമ്മയുടെ ഉദരത്തിൽ ഭ്രൂണാവസ്ഥയിലായിരിക്കെ കുഞ്ഞ് ആർജ്ജിക്കുന്ന അവബോധങ്ങളുടെ ഭാഷയുമാണ്. ഈ ശേഷിയുടെ വികസനത്തിലൂടെ മാത്രമേ ഒരു ജനത ശക്തിപ്രാപിക്കൂ എന്ന് ലോകജനത

ഇന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

അമ്മയും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. അമ്മയെ പ്രകൃത്യനുസാരിയായ ആദിശക്തിയായിട്ടാണ് പ്രാചീനഗോത്രങ്ങൾ ആരാധിച്ചിരുന്നത്. അമ്മയുടെ കൈയിൽ കുഞ്ഞായിരിക്കുന്ന മനുഷ്യശിശുവിന്റെ രൂപത്തിലാണ് പുരുഷൻ തന്നെത്തന്നെ ആദ്യം ചിത്രീകരിച്ചത്. അമ്മയുടെ മാറിൽ പാലു കുടിക്കുകയോ മടിയിലിരുന്നു കൊഞ്ചുകയോ ചെയ്യുന്ന കുഞ്ഞിന്റെ രൂപത്തിലാണ് പ്രാചീനകലാരൂപങ്ങളിലെല്ലാം പുരുഷനെ ചിത്രീകരിച്ചിട്ടുള്ളത്. പ്രകൃതിയുടെ ഏറ്റവും അനിവാര്യമായ ദുരൂഹകേളിയിൽ മുഖ്യപങ്കാളിയായി, സൃഷ്ടിയുടെ ആദിരൂപമായി അമ്മയെ കണ്ടിരുന്നു. ഒരു അത്ഭുതത്തിന്റെയും മന്ത്രവാദത്തിന്റെയും പിന്തുണയില്ലാതെയാണ് അന്ന് സ്ത്രീ-പ്രകൃതി സംയോഗം നടന്നത്. നിയോ-ലിത്തിക് കാലഘട്ടത്തിലെ ചിത്രകല സ്ത്രീയുടെ ആദരണീയാവസ്ഥ വെളിപ്പെടുത്തുന്നുണ്ട്. പ്രകൃതിശക്തികളെ മുഴുവൻ സ്ത്രീമാതാവിന്റെ രൂപത്തിൽ അഭേദകല്പന ചെയ്താണ് ആരാധിച്ചിരുന്നത്. സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ഈ പാരസ്പര്യത്തിൽ പ്രകൃതിയുടെ വിനാശത്തിൽ പ്രതിഷേധിക്കുകയും പ്രകൃതിയെ സംരക്ഷിക്കുകയും ചെയ്യേണ്ടത് സ്ത്രീയാണ് എന്നു വരുന്നു. ആധുനിക മനുഷ്യന്റെ വ്യവസായ വികസനസ്വപ്നങ്ങൾ പ്രകൃതിയെ ചൂഷണം ചെയ്തതിന്റെ ദുരന്തങ്ങൾ അനുഭവിച്ചുതുടങ്ങിയപ്പോൾ അതിനെതിരെ സ്ത്രീക്കൂട്ടായ്മകൾ ഉണ്ടായി. പരിസ്ഥിതിവിനാശം സ്ത്രീകളെയാണ് കൂടുതൽ ഗുരുതരമായി ബാധിക്കുക എന്നതുകൊണ്ട് പ്രകൃതി ചൂഷണത്തിനെതിരെയുള്ള സമരങ്ങൾ സ്ത്രീവാദരാഷ്ട്രീയത്തിൽ മുന്തിയ പരിഗണനയർഹിക്കുന്നു. ഇതിന്റെ ഫലമായി രൂപംകൊണ്ടതാണ് പാരിസ്ഥിതികസ്ത്രീവാദം. സംരക്ഷകയായ അമ്മയുടെ ഉത്തരവാദപ്പെട്ട രാഷ്ട്രീയപ്രവർത്തനമായിട്ടാണ് ഇതിനെ കാണുന്നത്. കാരണം എല്ലാ ജീവജാലങ്ങളുടെയും പരിപാലനത്തിന്റെ പ്രശ്നങ്ങളാണ് ഇതു മുന്നോട്ടുവയ്ക്കുന്നത്.

> "...നാളെ മാനവരാശിക്കുവേണ്ടി ഭൂമിയെ വീണ്ടെടുക്കുവാനായി നാം ഇന്ന് അതിനെ പുരുഷന്റെ കൈകളിൽനിന്ന് പിടിച്ചുവാങ്ങണം. അതാണ് ഒരേയൊരു മാർഗ്ഗം. പുരുഷനിയന്ത്രിത സമൂഹം നിലനിന്നാൽ മാനവരാശിതന്നെ നാളെ ഇല്ലാതെയാകും."

എന്ന ഫ്രഞ്ച് ഫെമിനിസ്റ്റ് ഫ്രാൻസ്വാ ദ യൂബോണിന്റെ ആഹ്വാനത്തിലാണ് പാരിസ്ഥിതികസ്ത്രീവാദം രാഷ്ട്രീയപ്രവർത്തനമായി മാറുന്നത്. സ്ത്രീകൾ അധികാരം പിടിച്ചെടുക്കാനുള്ള സമരങ്ങൾക്കല്ല സ്ത്രീപക്ഷരാഷ്ട്രീയം തിരികൊളുത്തേണ്ടതെന്നും, മറിച്ച് അധികാരമില്ലായ്മയുടെ അവസ്ഥയുണ്ടാക്കുകയാവണം

അന്തിമലക്ഷ്യമെന്നും യൂബോൺ ഉപദേശിക്കുന്നു. ഒരു രാഷ്ട്രീയപ്രയോഗമെന്ന നിലയ്ക്ക് ഇന്ന് പാരിസ്ഥിതികസ്ത്രീവാദത്തിനുള്ള പ്രാധാന്യം അവഗണിക്കാവുന്നതല്ല. അമ്മ മക്കളെ സംരക്ഷിക്കുന്നതു പോലെ പ്രകൃതി നമുക്കനുകൂലമായ ജീവിതസാഹചര്യങ്ങളൊരുക്കുന്നു. അമ്മയെ മകൾ എന്നതുപോലെ പ്രകൃതിയെ മനുഷ്യർ കരുതണം. ഈ പാരസ്പര്യം അതായത് അമ്മ-മകൾ ബന്ധഘടന, ഈ പ്രസ്ഥാനത്തിനു കൈവന്നതോടെ സ്ത്രീവാദരാഷ്ട്രീയം ഏറെ ശ്രദ്ധ നേടി. സ്ത്രീപക്ഷ പരിസരവാദം, സ്ത്രീപക്ഷ രാഷ്ട്രീയപരിസ്ഥിതിശാസ്ത്രം എന്നീ പേരുകളിൽ ഇവയെ പുന:ക്രമീകരിക്കുവാനുള്ള ശ്രമങ്ങളും നടക്കുന്നു.

സമകാല ആരോഗ്യ പ്രവർത്തനരംഗത്തും സ്ത്രീയുടെ ശക്തിയും ശ്രദ്ധയും സവിശേഷമായി പതിഞ്ഞിട്ടുണ്ട്. കേരളത്തിലെ കുടുംബശ്രീപ്രവർത്തകരും നിപ്പ, പ്രളയം, കോവിഡ് തുടങ്ങിയ പ്രകൃതിദുരിതങ്ങളിൽ സ്ത്രീ അധികാരത്തിലുള്ള ഭരണകൂടങ്ങളും വഹിച്ച പങ്കും ഈ രംഗത്തെ മികച്ച നേട്ടങ്ങളായി ഏടുത്തുകാട്ടാം. ദുരന്തകാലത്ത് കുടുംബങ്ങളിൽ മുതിർന്ന സ്ത്രീകൾ കാട്ടുന്ന സഹിഷ്ണുതയും ശ്രദ്ധയും കർമ്മവീര്യവും തന്നെയാണ് ഇവർ പ്രകടിപ്പിക്കുന്നത്. ഇവിടെ അധികാരം ശക്തിയല്ല, സ്വാർത്ഥതയല്ല. മറിച്ച് തനിക്കു ചുറ്റുമുള്ളവരെ സംരക്ഷിക്കാനുള്ള സ്ത്രീയുടെ ആത്മബലിചോദനയാണ് പ്രകടമാകുന്നത്.

സഹനം, ക്ഷമ, സ്നേഹം തുടങ്ങിയ മൂല്യങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി മാതൃകേന്ദ്രീകൃത അധികാരം നമ്മുടെ സമൂഹഘടനയിൽ വലിയ മാറ്റം വരുത്തും എന്ന് ആധുനിക സാമൂഹികശാസ്ത്രജ്ഞർ കരുതുന്നു. അത് അധികാരമല്ല ലക്ഷ്യമാക്കുന്നത്; അധികാരമില്ലായ്മയിലൂടെയുള്ള തുല്യതയാണ്. ജാതി-മത-വർണ്ണ-വർഗ്ഗ-ലിംഗ വ്യത്യാസങ്ങൾക്കെതിരെയുള്ള മാനവികതയിലൂന്നിയ സമത്വദർശനമാണ്. പ്രകൃതിയുടെ ജീവനത്തിനും അതിജീവനത്തിനും ഉതകുന്ന കരുതലാണ്. മനുഷ്യകുലത്തിന്റെ ആരോഗ്യകരമായ സഹവർത്തിത്വമാണ് അതിന്റെ അന്തിമലക്ഷ്യം. എല്ലാവിധ പീഡനങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരായ സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയാണ് മാതൃകേന്ദ്രിത അധികാരത്തിന്റെ വിപ്ലവസ്വപ്നം.

## ആധാരസൂചി

1. Adrienne Rich, Of Woman Born, (W.W. Norton & Company, NewYork, 1995).
2. Alison M., Bordo,SusanR., Gender/Body Knowledge: feminist reconstructions of being and knowing,(Rutgers University Press,New Brunswick,New Jersey,1989).

3. Franz d' Eaubonne, Feminism or Death, (Editions sociales, Paris, 1974).

4. Jessie Bernard in The Future of Motherhood, (Dial, NewYork, 1974).

5. Judith Butler, Joan Wallach Scott, Feminists theorize the Political, (Oxfordshire, NewYork: Routledge,England, 1992).

6. Julia Cristeva, 'Stabat Mater', Feminist Social Thought: A Reader,ed.Diana Tietjens Meyers, (Routledge, NewYork & London, 1997)

7. Laura S.Brown, 'Not Outside The Range: One Feminist Perspective on Psychic Trauma', Trauma Exploration in Memory ,ed. Cathy Caruth, (The John Hopkins University Press, Baltimore and London, 1995).

8. Nancy Chodorow, The Repoduction of Mothering, (University of California Press, London, 1999.

9. Shulamith Firestone, The Dialectic of Sex, (Bantam Books, New York, 1974).

10. Shulamith Firestone, Anne Koedt, Notes from the second Year: Women's Liberation,197 0(http:duke.edu/Rubenstein/research/citations-and-permissions.

11. Susan Griffin, Women and Nature: The Roaring Inside Her, (Harper & Row, NewYork,1978).

12. Tunde Oyedoyin, Mothers Unite Against Rape, (Trafford Publishing, Bloomington, 2005).

*gishapious@gmail.com*